B1 - 441/18



# പരിശോധന റിപ്പോർട്ട്

## പട്ടികജാതി വികസന ആഫീസ്, തിരുവനന്തപുരം കോർപ്പറേഷൻ

പരിശോധന കാലയളവ് - 01.06.2015 മുതൽ 30.11.2017 വരെ

പരിശോധനാ തീയതി - 19.12.2017 - 23.12.2017

പരിശോധനാ ടീമിൽ പങ്കെടുത്തവർ

സീനിയർ സൂപ്രണ്ട് - ശ്രീ. സുദർശനൻ ആചാരി

സീനിയർ ക്ലാർക്ക് - ശ്രീ. നിധീഷ്. എം.എ

**പരിശോധന കാലയളവിലെ ഉദ്യോഗസ്ഥർ :**

**പട്ടികജാതി വികസന ആഫീസർ ഗ്രേഡ് I**

(1) ശ്രീ. ആർ. രഘു - 08.06.2015 മുതൽ 28.10.2016 വരെ.

(2) ശ്രീ. എസ്.ആർ. മനോജ് - 31.10.2016 മുതൽ തുടരുന്നു.

**പട്ടികജാതി വികസന ആഫീസർ ഗ്രേഡ് II**

(1) ശ്രീമതി. അലോഷ്യ. എ - 01.01.2015 മുതൽ 03.08.2015 FN വരെ

(2) ശ്രീമതി. ശ്രീജാ എസ്.ജി. നായർ - 03.08.2015 മുതൽ 08.08.2016 FN വരെ

(3) ഗീതാകുമാരി. ജി - 08.08.2016 FN മുതൽ 30.06.2017 വരെ

(4) പ്രശാന്തൻ ഇ. പെരേര - 19.07.2017 FN മുതൽ 26.09.2017 വരെ

27.09.2017 മുതൽ തസ്തിക ഒഴിവാണ്.

# ഭാഗം I

## ആമുഖം

## മുൻ പരിശോധന സംബന്ധിച്ച്

### (എ) വകുപ്പുതല പരിശോധന സംബന്ധിച്ച്

കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസിലെ 01.04.2014 മുതൽ 30.05.2015 വരെയുള്ള കാലയളവിലെ കണക്കുകളുടെ വകുപ്പുതല പരിശോധന 21.07.2015 മുതൽ 24.07.2015 വരെയുള്ള തീയതികളിൽ പരിശോധിച്ചു 15.10.2015 വരെ ഫിൻ ബി1-25287/15 കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ഈ പരിശോധന കുറിപ്പിലെ അവശേഷിക്കുന്ന ഖണ്ഡികകളായ ഭൂരഹിത പുനരധിവാസ പദ്ധതി (XIII) ലംപ്സംഗ്രാന്റ് വിതരണം എന്നിവയ്ക്കു മറുപടി ലഭ്യമാക്കണമെന്ന് 20.04.2017 ലെ ഫിൻ. ബി1-25287/15 നമ്പർ കത്തു പ്രകാരം നിർദ്ദേശിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. ടി ഖണ്ഡികകൾക്കു കൂടി മറുപടി ലഭ്യമാക്കി ഫയൽ നടപടികൾ അവസാനിപ്പിക്കേണ്ടതാണ്.

### (ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന

അക്കൗണ്ടന്റ് ജനറൽ 01.04.2013 മുതൽ 31.03.2017 വരെയുള്ള കണക്കുകൾ 12.12.2017 - ൽ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതിനു മുമ്പു അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന നടന്നതായി കാണുന്നില്ല. ആഫീസ് പ്രവർത്തനം ആരംഭിച്ച നാൾ മുതൽ 31.03.2013 വരെയുള്ള കാലയളവിൽ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന നടക്കാതിരുന്നത് സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം II

## 1. ക്യാഷ്ബുക്ക്/ബിൽബുക്ക്

(എ) സി.ബി-52/15-16 ബിൽ പ്രകാരം Wages ഇനത്തിൽ 11,210/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതായും ടി ബിൽ ഓബ്ജക്ഷൻ ആയിട്ടുള്ളതായും കാണുന്നു. എന്നാൽ ഇതേ ബിൽ പ്രകാരം (സി.ബി-52/15-16) 30.10.2015 - ൽ ഭൂരഹിത പുനരധിവാസ പദ്ധതി ഇനത്തിലേയ്ക്കായി 6,00,000/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. Wages ഇനത്തിൽ സമർപ്പിച്ചിട്ടുള്ള ബിൽ ഓബ്ജക്ഷൻ നീക്കി പിന്നീട് സമർപ്പിച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

(ബി) ടി ഓഫീസിലെ ബിൽബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന ബില്ലുകൾ ഓബ്ജക്ഷൻ ആകുകയോ പാസാക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ടി ബില്ലുകൾ റദ്ദാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്നിരിക്കെ അപ്രകാരം ചെയ്തതായി കാണുന്നില്ല. വിശദീകരിക്കേണ്ടതാണ്.

| ബിൽ നം | | തുക |
|---|---|---|
| (i) | സി.ബി-129/15-16 | 10,50,000 |
| (ii) | സി.ബി-152/15-16 | 4,93,297 |

(സി) താഴെ പറയുന്ന ബില്ലുകൾ പ്രകാരം ട്രഷറി ഓഫീസർ പാസാക്കിയിട്ടുള്ള തുകയും ക്യാഷ്ബുക്കിലെ വരവും തമ്മിൽ വ്യത്യാസം കാണുന്നു.

| ക്രമ നം | ബിൽ നമ്പർ | തുക | ക്യാഷ്ബുക്കിലെ വരവ് |
|---|---|---|---|
| 1 | സി.ബി-34/16-17 | 36,503/- | 36,505/- |
| 2 | സി.ബി-65/16-17 | 60,000/- | 6,00,000/- |
| 3 | സി.ബി-4/17-18 | 67,30,300/- | 67,30,000/- |
| 4 | സി.ബി-82/17-18 | 34,854/- | 38,854/- |

മേൽ ബില്ലുകൾ സംബന്ധിച്ച നിജസ്ഥിതി വ്യക്തമാക്കേണ്ടതാണ്.

2. **അക്വിറ്റൻസ് സ്റ്റാഫ്**

എ) ഇ.ബി-17/16-17, തീയതി. 01.07.2016 ബിൽ പ്രകാരം ശ്രീമതി. സുനില. എസ് എന്ന ജീവനക്കാരിയ്ക്ക് 20731/- രൂപ മാറി വിതരണം ചെയ്തിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടിയാരി ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല. വിശദീകരിക്കേണ്ടതാണ്.

ബി) രജിസ്റ്ററിൽ EB/24/16-17, തീയതി. 01.09.2016 പ്രകാരം 72,023/- രൂപ മാറി വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 90,149/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. തുകയിൽ വ്യത്യാസം ഉണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3. **അക്വിറ്റൻസ് രജിസ്റ്റർ (അപ്രന്റീസ് ക്ലാർക്ക്)**

എ) സി.ബി-69/16-17, തീയതി. 01.12.2016 ബിൽ പ്രകാരം 10,000/- രൂപ ഹോണറേറിയം ഇനത്തിൽ മാറിയിട്ടുണ്ട്. എന്നാൽ ടി തുക ശ്രീമതി. സൗമ്യ, അപ്രന്റീസ് ക്ലാർക്ക് 01.12.2016 - ന് 2 പ്രാവശ്യം ഒപ്പിട്ട് കൈപ്പറ്റിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

ബി) സി.ബി-8/17-18, തീയതി. 12.06.2017, സി.ബി-16/17-18, തീയതി. 03.07.2017 എന്നീ ബില്ലുകൾ പ്രകാരം യഥാക്രമം 10,000/-, 20,000/- എന്നിങ്ങനെ തുകകൾ മാറിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി തുക ബന്ധപ്പെട്ട ജീവനക്കാർ ഒപ്പിട്ട് കൈപ്പറ്റിയിട്ടില്ല.

സി) 07/17 - ന് ശേഷം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. 'SPARK' മുഖേന തുക വിതരണം നടത്തുന്ന സാഹചര്യത്തിൽ 'Credit Confirmation Statement' 'Spark' - ൽ നിന്ന് download ചെയ്ത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.

4. **അക്വിറ്റൻസ് പ്രൊമോട്ടേഴ്സ്**

06/17 - ന് ശേഷം രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ കൃത്യമായി പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. **റ്റി.ആർ 5 രസീത്/സ്റ്റോക്ക് രജിസ്റ്റർ**

പരിശോധനാ കാലയളവിൽ റ്റി.ആർ 5 രസീതുകൾ മുഖേന പണമിടപാടുകൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. ജി.ഒ (പി) നം. 213/2013/ഫിൻ, തീയതി. 09.05.2013 പ്രകാരമുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ Centralized number system ഉള്ള പുതിയ റ്റി.ആർ-5 രസീതുകൾ ലഭ്യമാക്കേണ്ടതും ആയത് ഉപയോഗത്തിലെടുക്കേണ്ടതുമാണ്.

6. **ചലാൻ ഫയൽ**

എ) ചലാനുകളിൽ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുമ്പോൾ തീയതി രേഖപ്പെടുത്തേണ്ടതാണ്.

ബി) ടി ഓഫീസിലെ ചലാൻ ഫയൽ പരിശോധിച്ചതിൽ ചലാനുകൾ ട്രഷറിയിൽ സമർപ്പിച്ച് നമ്പർ പതിപ്പിച്ചതിനുശേഷം ബാങ്കിൽ പണമടയ്ക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് 27.01.2016 - ന് 7,756/- രൂപയുടെ ചലാൻ ട്രഷറിയിൽ സമർപ്പിച്ചതായി കാണുന്നു. ക്യാഷ്ബുക്കിൽ 10.02.2016 - ന് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും 20.02.2016 - ന് മാത്രമാണ് ബാങ്കിൽ തുക അടച്ചതായി കാണുന്നത്. വിശദീകരിക്കേണ്ടതാണ്.

സി) താഴെപറയുന്ന ബില്ലുകൾ പ്രകാരം വിവിധ പദ്ധതികൾക്കായി മാറിയ തുകകളിൽ വിതരണം നടത്തി അവശേഷിച്ച തുക യഥാസമയം ട്രഷറിയിൽ തിരിച്ചടയ്ക്കുന്നതിൽ കാലതാമസം വരുത്തിയതായി കാണുന്നു.

| ക്രമ നം | ബിൽ നമ്പർ | തീയതി | തുക | തിരിച്ചടച്ച തീയതി |
|---|---|---|---|---|
| 1 | 80/സി.ബി/15-16 | 28.11.2015 | 15,453/- | 16.07.2016 |
| 2 | 81/സി.ബി/15-16 | 28.11.2015 | 46,624/- | 16.07.2016 |
| 3 | 87/സി.ബി/15-16 | 23.12.2015 | 13,000/- | 16.07.2016 |
| 4 | 122/സി.ബി/15-16 | 27.02.2016 | 6,000/- | 16.07.2016 |

മേൽ പ്രകാരം മാറിയ തുകകൾ യഥാസമയം ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടയ്ക്കുന്നതിൽ കാലതാമസം ഉണ്ടാകുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഡി) 16.07.2016 - ന് 53,987/- രൂപ വിവിധ ചലാനുകളിലായി ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു. ആയതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

7. **ഡി.ഡി. ഇഷ്യൂ രജിസ്റ്റർ**

രജിസ്റ്റർ പ്രകാരം 24.07.2015 - ന് 1,250/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു. എന്നാൽ തിരിച്ചടച്ചിട്ടുള്ള ഇതുമായി ബന്ധപ്പെട്ട ചലാൻ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. **റ്റി.എസ്.ബി/എസ്.റ്റി.എസ്.ബി രജിസ്റ്റർ**

എ) രജിസ്റ്റർ പരിപാലിക്കുന്നില്ല. ജി.ഒ (പി) 138/2016/ഫിൻ, തീയതി. 23.09.2016 പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള രീതിയിൽ സബ്സിഡിയറി രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) ടി ഓഫീസിലെ റ്റി.എസ്.ബി/എസ്.റ്റി.എസ്.ബി - യുമായി ബന്ധപ്പെട്ട ചെക്കുകളുടെ കൗണ്ടർ ഫോയിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. ശ്രീ. ബേബി. സി, പുല്ലുകുളം വീട്, കുടപ്പനക്കുന്ന് എന്ന ഗുണഭോക്താവിന് ചികിത്സാ ധനസഹായ പദ്ധതി പ്രകാരം 35,000/- രൂപ (ചെക്ക് നമ്പർ 1576866) വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 50,000/- രൂപ വിതരണം നടത്തിയതായി കാണുന്നു.
2. ശ്രീ. ശശിധരൻ. കെ, റ്റി.സി-64/1676, തിരുവല്ലം. പി.ഒ എന്ന ഗുണഭോക്താവിന് 50,000/- രൂപ ചെക്ക് നമ്പർ 1576868/- പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 35,000/- രൂപ മാത്രമേ വിതരണം ചെയ്തതായി കാണുന്നത്.
3. ചെക്കിന്റെ കൗണ്ടർ ഫോയിലിൽ ഗുണഭോക്താവിന്റെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തേണ്ടതും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും, വ്യക്തമായ വിശദീകരണത്തോടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

9. **ഫർണിച്ചർ രജിസ്റ്റർ**

എ) രജിസ്റ്ററിൽ വാർഷിക ഭൗതിക പരിശോധന നടത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ബി) ചാർജ് കൈമാറ്റം രേഖപ്പെടുത്തേണ്ടതാണ്.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. **പേബിൽ രജിസ്റ്റർ**

എ) രജിസ്റ്റർ പരിപാലിച്ചു വരുന്നു. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

11. **ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

എ) രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ശരിയായി രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നു. എല്ലാ ദിവസവും മുന്നിരുപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നീ ക്രമത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

ബി) ദ്വൈവാര ഭൗതിക പരിശോധന നടത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

**ഭാഗം III**

**പദ്ധതികൾ**

1. **ഭൂരഹിത പുനരധിവാസ പദ്ധതി**

2015-16 വർഷം 76 ഗുണഭോക്താക്കൾക്കായി 4,52,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2016-17 വർഷം 75 ഗുണഭോക്താക്കൾക്കായി 4,91,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2017-18 വർഷം 30.11.2017 വരെ 3,46,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

***അപേക്ഷകളുടെ പരിശോധനയിലെ ന്യൂനതകൾ***

**2015-16**

(1) ആനുകൂല്യം അനുവദിച്ച ഗുണഭോക്താവായ ശ്രീമതി. രഞ്ചു സന്തോഷ്, കൊല്ലൂർ തോട്ടുവരമ്പിൽ വീട്, കണ്ണമൂല. പി.ഒ എന്ന ആളിന്റെ അപേക്ഷയോടൊപ്പമുള്ള വഞ്ചിയൂർ വില്ലേജാഫീസറുടെ 10.08.2015 ലെ 13541249 നമ്പർ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റിൽ 60,000/- (അറുപതിനായിരം) രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഉയർന്ന വരുമാന പരിധി 50,000/- രൂപയാണെന്നിരിക്കെ ആനുകൂല്യം അനുവദിച്ചതു സംബന്ധിച്ചു വിശദീകരണം നൽകേണ്ടതാണ്.

(2) ശ്രീ. മുകേഷ്. പി, കൈക്കോട്ടുകോണത്തു വീട്, ഞാണ്ടൂർകോണം, പൗഡികോണം എന്ന ഗുണഭോക്താവിന്റെ കുടുംബ ഓഹരി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല.

(3) സന്തോഷ്കുമാർ. ആർ.എസ്, മേലെ കുന്നും പുത്തൻവീട്, മുക്കോല, നെട്ടയം എന്ന ആളിന്റെ കുടുംബ ഓഹരി സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

(4) ശ്രീമതി. തങ്കമണി, റ്റി.സി. 34/1339, വലിയതോപ്പ്, വള്ളക്കടവ് പി.ഒ എന്ന ഗുണഭോക്താവു ഭൂരഹിതയാണെന്നു തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2016-17

(1) അനില. ജി.റ്റി, കീഴെ പുത്തൻ വീട്, മേനിലം, തിരുവല്ലം. പി.ഒ, തിരുവനന്തപുരം - കുടുംബ ഓഹരി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം വച്ചിട്ടില്ല.

(2) മനോജ്. എസ്.ജി, മുട്ടുപാറവിള വീട്, വെങ്ങാന്നൂർ. പി.ഒ, മുക്കോല - കുടുംബ ഓഹരി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം വച്ചിട്ടില്ല.

(3) ശരണകുമാർ, റ്റി.സി 24/90 പൂണ്ട്കുളം, തൈക്കാട്. പി.ഒ ഗുണഭോക്താവ് കരാർ ഉടമ്പടി ഒപ്പു വച്ചിട്ടില്ല. പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2017-18

(1) തങ്കപ്പൻ. സി - പുതുവൽ പുത്തൻ വീട്, കിരിക്കുഴി, ചെമ്പഴന്തി. പി.ഒ, യുടെ കരാർ ഉടമ്പടി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) ലളിത. എസ്, വേലാംകോണം പുതുവൽ വീട്, ഇടംക്കാട്. പി.ഒ, ശ്രീകാര്യം എന്ന ആളിന്റെ കുടുംബ ഓഹരി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2. **ഭവന നിർമ്മാണ പദ്ധതി**

2007-08 മുതൽ 2016-17 വരെയുള്ള കാലയളവിൽ ആകെ 461 വീടുകൾ അനുവദിച്ചതിൽ 314 വീടുകൾ 01.11.2017 വരെ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷം 80 വീടുകൾ ഭൗതിക ലക്ഷ്യമായി അനുവദിച്ചിട്ടുള്ളതിൽ 48 അപേക്ഷകൾ അംഗീകാരത്തിൽ സമർപ്പിച്ചതിൽ 43 അപേക്ഷകൾക്കു അനുമതി ലഭിക്കുകയും 30 ഗുണഭോക്താക്കൾക്കു ഒന്നാം ഗഡു തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സ്പിൽ ഓവർ അവശേഷിക്കുന്ന വീടുകൾ ഉൾപ്പെടെ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്. വീടുകളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

3. **ഭവന പുനരുദ്ധാരണ പദ്ധതി**

2015-16 വർഷം 48 പേർക്ക് ധനസഹായം അനുവദിച്ചു. 48 പേരും പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2016-17 - ൽ 75 പേർക്കു ധനസഹായം അനുവദിക്കുകയും 25,000/- രൂപ നിരക്കിൽ ഒന്നാം ഗഡു അനുവദിക്കുകയും 62 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 13 പേരുടെ നിർമ്മാണം പൂർത്തീകരിപ്പിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

4. **ടോയ്‌ലറ്റ് ഗ്രാന്റ്**

2015-16 വർഷം 35 പേർക്ക് 25,000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചതിൽ 29 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2016-17 വർഷം 26 പേർക്കു ധനസഹായം അനുവദിച്ചതിൽ 26 പേരും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

2015-16 വർഷത്തെ ശേഷിക്കുന്ന ആറുപേരുടെ നിർമ്മാണം പ്രവർത്തനം പൂർത്തീകരിപ്പിക്കുകയും 2015-16 വർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനും സമർപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഭവന നിർമ്മാണ ധനസഹായ പദ്ധതി 2007-08 മുതൽ 2017-18 വരെ**

**പുരോഗതി റിപ്പോർട്ട് 30.11.2017 വരെ**

| വർഷം | അനുവദിച്ചത് | 30.11.2017 പൂർത്തീകരിച്ചത് | 31.11.2017- ൽ പൂർത്തീകരിക്കുവാനുള്ളത് | പൂർത്തീകരിക്കുവാനുള്ളവയുടെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 28 | 15 | 13 | 4 | 6 | 3 |
| 2008-09 | 17 | 8 | 9 | 2 | 3 | 4 |
| 2009-10 | 33 | 18 | 15 | 8 | 5 | 2 |
| 2010-11 | 65 | 48 | 17 | 9 | 4 | 4 |
| 2011-12 | 18 | 16 | 2 | 0 | 1 | 1 |
| 2012-13 | 40 | 26 | 14 | 8 | 3 | 3 |
| 2013-14 | 34 | 17 | 17 | 0 | 14 | 3 |
| 2014-15 | 35 | 33 | 2 | 1 | 1 | 0 |
| 2015-16 | 60 | 43 | 17 | 6 | 7 | 4 |
| 2016-17 | 131 | 90 | 41 | - | - | - |
| ആകെ | 461 | 314 | 147 | - | - | - |
| 2017-18 | 80 | - | - | 30 | - | - |

5. **മിശ്ര വിവാഹ ധനസഹായ പദ്ധതി**

2015-16 വർഷം 92 പേർക്കു (ദമ്പതികൾ) 45, 40,000/- രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

2016-17 വർഷം 35 ദമ്പതികൾക്കു 17,50,000/- രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

2017-18 വർഷം (30.11.2017 വരെ) 75 ദമ്പതികൾക്കു 42,25,000/- രൂപയുടെ ധനസഹായം വിതരണം ചെയ്തു.

2015-16, 2016-17 വർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റു അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ കൂടി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## അപേക്ഷകളുടെ പരിശോധനയിലെ ന്യൂനതകൾ

(1) ശ്രീമതി. ഷീബ. വി & ശ്രീ. ബിജു. വി ഞാറ്റാടിതലയ്ക്കൽ മേലെവിള, കിഴക്കുംകര എന്നീ ദമ്പതിമാരുടെ ധനസഹായത്തിനുള്ള അപേക്ഷയിൽ ശ്രീമതി. ഷീബ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന തണ്ടാൻ വിഭാഗക്കാരിയും ഭർത്താവ് ശ്രീ. ബിജു ക്രിസ്ത്യൻ കാതലിക് വിഭാഗക്കാരനുമാണ്. ഇവരുടെ വിവാഹ സർട്ടിഫിക്കറ്റിൽ വിവാഹ വേദിയായി രേഖപ്പെടുത്തിയിട്ടുള്ളത് ലിറ്റിൽ ഫ്ളവർ ചർച്ച് മണ്ണവിള തിരുവനന്തപുരമാണ്. ക്രിസ്തുമത വിശ്വാസിക്കു മാത്രമേ ക്രിസ്ത്യൻ പള്ളി വിവാഹ വേദിയായി ലഭിക്കൂ എന്നിരിക്കെ ഇവർക്കു മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചത് ക്രമ പ്രകാരമല്ലെന്നറിയിക്കുന്നു. കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

(2) ശ്രീ. ജിഷ്ണു & ശ്രീമതി. രേശ്മ, പുതുവൽ പുത്തൻ വീട്, പട്ടുവിളാകം, കടുവാ കോളനി കാട്ടായിക്കോണം എന്ന ദമ്പതികൾക്കു മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചതു ഓട്ടോറിക്ഷ വാങ്ങുവാനായിരുന്നു. അതിൻപ്രകാരം ഓട്ടോറിക്ഷയുടെ വില്പന കരാർ മാത്രമാണു തുക വിനിയോഗ രേഖയായി അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. വാഹനം ഗുണഭോക്താവിന്റെ പേരിലേക്കു മാറ്റി രജിസ്റ്റർ ചെയ്തതിന്റെ ആർ.സി. ബുക്കിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

**2016-17**

2016-17 വർഷം മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരിൽ ചുവടെ പേരു ചേർക്കുന്ന ദമ്പതിമാർ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.

(1) ശ്രീ. എസ്.എം. ബാബു & ശ്രീമതി. സരിക വൽസൺ, മുല്ലശ്ശേരി - ൽ വീട്, മലംകുന്നം. പി.ഒ

(2) ദിനു. എസ് & സുമി. പി.എസ്, അക്കരവിളവീട്, വട്ടവിള, ചെല്ലമംഗലം

(3) ജയകൃഷ്ണൻ. കെ & കീർത്തി പണയിൽ വീട്, സംഗമ നഗർ, വള്ളക്കടവ്. പി.ഒ

(4) രാജേഷ്. ആർ & അശ്വതി ഗോപി, തുണ്ടുവിളാകം വീട്, മുസലിയാർ ലൈൻ, ആനയറ, തിരുവനന്തപുരം

(5) ശ്രീകാന്ത്. എസ് & രമ്യാ സുധി, ശ്രീകണ്ഠേശ്വരം, തിരുവനന്തപുരം ഫോർട്ട്

(6) വിനോദ്കുമാർ. എസ് & ശ്രീജ. വി

(7) അനീഷ്. എസ് & കിങ്ങിണി ശിവരാജൻ, ലിജോ ഭവൻ, കാരക്കാട്ട് ലൈൻ, കാരയ്ക്കാമണ്ഡപം

(8) ഷിജു. ഡി & ആതിര കുഴിവിള വീട്, തിരുവല്ലം

(9) സന്തോഷ്. ആർ & സിയൻസ്, കാട്ടുവിള വീട്, മാധവപുരം, ടൈറ്റാനിയം. പി.ഒ, തിരുവനന്തപുരം

(10) കുമാർ & പ്രവീണ ബാബു, അലുംകാട് റോഡരികത്തു വീട്, പൂന്തുറ. പി.ഒ, തിരുവനന്തപുരം

**2017-18**

(1) അശ്വതി. എസ് & ബിജു. ജി, അഴകോണത്തു വീട്, മേലെ ചരുവിള വീട്, തിരുവല്ലം എന്നീ ദമ്പതികൾ ധനസഹായം വിനിയോഗിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശിച്ചിരുന്നത് സെക്കന്റ് ഹാന്റ് ഓട്ടോറിക്ഷ വാങ്ങലാണ്. എന്നാൽ ദമ്പതിമാർക്കാർക്കും ത്രീവീൽ ലൈസൻസ് ഉള്ളതായുള്ള വിവരം അപേക്ഷയിൽ ലഭ്യമല്ല. സ്വയംതൊഴിൽ പദ്ധതി പരിഗണിച്ചാണ് ധനസഹായം അനുവദിക്കുന്നതെന്നിരിക്കെ അപേക്ഷകരിൽ ആർക്കെങ്കിലും ത്രീവീലർ ലൈസൻസിയല്ലാതെ ഓട്ടോറിക്ഷ വാങ്ങുന്നതിനു ധനസഹായം നൽകിയത് ക്രമപ്രകാരമല്ലെന്നറിയിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ധനസഹായ തുകയുടെ വിനിയോഗ രസീതുകൾ ലഭ്യമാക്കി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

(1) രാമചന്ദ്രൻ & ചിഞ്ചുമോൾ, സത്യാനഗർ, താലയിൽ, കരമന, തിരുവനന്തപുരം

(2) ശ്രീ. കണ്ണൻ. കെ & ഐശ്വര്യശെൽവി, ശെൽവി മന്ദിരം, വിഴിഞ്ഞം തെരുവ്.

(3) അശ്വതി ചന്ദ്രൻ & രഞ്ജിത്ത്, ചന്ദ്രാലയം കോളിയൂർ മുട്ടയ്ക്കാട്

(4) കാർത്തിക്. വി & പ്രിയങ്ക, വേളവൻ വിളാകം വീട്, റ്റി.സി. 33/697, കൊച്ചുവേളി, ടൈറ്റാനിയം (പി.ഒ), തിരുവനന്തപുരം.

(5) രഞ്ജിത്ത്. എ, സുമ. എസ്, രാജരാജ നഗർ, തിരുവനന്തപുരം

പല അപേക്ഷകളിലും പദ്ധതി നിർദ്ദേശമായി സ്വയം തൊഴിൽ എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതികൾ പ്രോജക്ട് റിപ്പോർട്ട് സഹിതം വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആനുകൂല്യം കൈപ്പറ്റി പദ്ധതി നടപ്പാക്കിയതു ബോധ്യപ്പെട്ട് വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറലിന് വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

**(6) വിവാഹ ധനസഹായം**

2015-16 വർഷം 107 ഗുണഭോക്താക്കൾക്കു 53,20,000/- (അമ്പത്തിമൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) വിതരണം ചെയ്തു. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

2016-17 വർഷം 221 ഗുണഭോക്താക്കൾക്കു 1,10,50,000/- (ഒരു കോടി പത്ത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിതരണം ചെയ്തു. വിനിയോഗ റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

2017-18 വർഷം 99 ഗുണഭോക്താക്കൾക്കു നാളിതുവരെ 56, 75,000/- (അമ്പത്തിയാറു ലക്ഷത്തി എഴുപത്തിയയ്യായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ, വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതു സംബന്ധിച്ച

വിവരങ്ങൾ ഉൾപ്പെടെ നടത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**(7) സ്വയംതൊഴിൽ പദ്ധതി**

2015-16 വർഷം പട്ടികജാതിക്കാരായ 14 തൊഴിൽ സംരംഭകർക്കു സബ്സിഡി ഇനത്തിൽ 10,06,719/- (പത്ത് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി പത്തൊൻപതു രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

2016-17 വർഷം ആറു ഗുണഭോക്താക്കൾക്കു 5,48,000/- (അഞ്ചു ലക്ഷത്തി നാല്പത്തി യെട്ടായിരം രൂപ മാത്രം വിതരണം ചെയ്തിട്ടുണ്ട്.

2017-18 വർഷം നിലവിൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടില്ല.

നിശ്ചിത മാതൃകയിലുള്ള പദ്ധതി രജിസ്റ്റർ ഉപയോഗിച്ചിട്ടില്ല. കാരണം വിശദീകരിക്കേണ്ട താണ്.

ഉപയോഗിച്ചു വരുന്ന രജിസ്റ്ററിൽ, അനുമതി ഉത്തരവ്, ബാങ്കിന്റെ പേര്, ബാങ്ക് വായ്പാ തുക, സബ്സിഡി തുക ഇനത്തിൽ വിതരണം ചെയ്ത ഡി.ഡി - യുടെ വിവരങ്ങൾ എന്നിവ ഒന്നു തന്നെ രേഖപ്പെടുത്തിയിട്ടില്ല. വിതരണം ചെയ്ത ഡി.ഡി - കളുടെ ബാങ്കിൽ നിന്നു മുള്ള കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയത് കണ്ടെടുത്ത് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**(8) സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

**2015-16**

2015-16 വർഷം സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തിനായി 50,000/- രൂപ അനുവദിച്ചിരുന്നു. പക്ഷാചരണ പരിപാടിയുടെ നടത്തിപ്പിനായി 09.10.2015 - ൽ ടി തുക മുൻകൂർ മാറി 14.10.2015 - ൽ പക്ഷാചരണ പരിപാടികൾ നടത്തുകയും ചെയ്തു. മുൻകൂർ മാറിയ തുക പൂർണ്ണമായി ചെലവഴിക്കുകയും ക്രമീകരിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**2016-17**

20.09.2016 ലെ ഡെവ. ബി3-24848/16 പ്രകാരം 50,000/- രൂപ അനുവദിച്ചിരുന്നത് 07.10.2016 - ൽ മുൻകൂർ മാറി 16.10.2016 - ൽ പക്ഷാചരണ പരിപാടി സംഘടിപ്പിച്ചു മുൻകൂർ മാറിയ 50,000/- രൂപയിൽ 49,754/- രൂപ ചെലവഴിക്കുകയും 26.10.2016 - ൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബാക്കി 246/- രൂപ വെള്ളയമ്പലം സബ്ട്രഷറിയിലെ 21.10.2016 ലെ 226-ാം നമ്പർ ചെലാൻ പ്രകാരം തിരിച്ചടച്ചിട്ടുമുണ്ട്. മറ്റു പരാമർശങ്ങളില്ല.

(9) **വിദേശത്ത് തൊഴിൽ തേടുന്നതിനുള്ള ധനസഹായം**

**2016-17**

ആറു ഗുണഭോക്താക്കൾക്ക് 3,00,000/- ലക്ഷം രൂപ വിതരണം ചെയ്തു. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

**2017-18** (30.11.2017 വരെ)

നിലവിൽ ഒൻപതു ഗുണഭോക്താക്കൾക്കായി 4,50,000/- രൂപ വിതരണം നടത്തിയിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(10) **ചികിത്സാ ധനസഹായം**

**2015-16**

169 ഗുണഭോക്താക്കൾക്ക് 62,01,000/- (അറുപത്തി രണ്ടു ലക്ഷത്തി ആയിരം രൂപ മാത്രം വിതരണം ചെയ്തു വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**2016-17**

127 ഗുണഭോക്താക്കൾക്കു 39,22,000/- (മുപ്പത്തി ഒൻപതു ലക്ഷത്തി ഇരുപത്തി രണ്ടായിരം രൂപ മാത്രം) അനുവദിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**2017-18** (30.11.2017 വരെ)

65 ഗുണഭോക്താക്കൾക്കു 13,60,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ഓൺലൈൻ വഴി ധനസഹായം ചെയ്തു വരുന്നു. ഈ സംവിധാനത്തിലൂടെ നടപ്പു വർഷം 10 ഗുണഭോക്താക്കൾക്കായി 1,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(11) **വിജ്ഞാൻവാടി**

കോർപ്പറേഷൻ ആഫീസ് പരിധിയിൽ ചുവടെ ചേർക്കുന്ന നാലു വിജ്ഞാൻവാടികൾ പ്രവർത്തിച്ചു വരുന്നു.

(1) ഇളം പള്ളി (2) രാജാജി നഗർ (3) ചെല്ലമംഗലം (4) എം.എസ്.കെ. നഗർ

ഇവയുടെ പ്രവർത്തനത്തിനുള്ള ആവർത്തന ചെലവുകൾക്കായി 2015-16 വർഷം 7466/- രൂപയും 2016-17 വൈദ്യുതീകരണം ഉൾപ്പെടെ 18,032/- രൂപയും ചെലവഴിച്ചിട്ടുണ്ട്. മറ്റു പരാമർശങ്ങളില്ല.

(12) **സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

2012-13 (പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സങ്കേതങ്ങൾ)

(1) കീരിക്കുഴി കോളനി

(2) പൗണ്ട്കുളം കോളനി (വട്ടിയൂർക്കാവ്)

**2013-14**

(1) എം.എസ്.കെ. നഗർ - നേമം

(2) കാഞ്ഞിരംപാറ - വട്ടിയൂർക്കാവ്

(3) കുന്നംപാറ - വട്ടിയൂർക്കാവ്

ആകെ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത അഞ്ചു കോളനികളിലേയ്ക്കും തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ഈ കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുണ്ട്.

(13) **അംബേദ്കർ ഗ്രാമം പദ്ധതി**

2016-17 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ ചെന്നിലോട് അയ്യൻകാളി നഗർ, വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ഹാർവിപുരം കൊക്കോട് വയലരികത്ത്, തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ രാജാജി നഗർ, നേമം നിയോജക മണ്ഡലത്തിൽ പൂഴിക്കുന്നിൽ പറങ്കിമാംവിള ലക്ഷംവീട് കോളനി, എന്നീ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പു പ്രാഥമിക ഘട്ടത്തിൽ മാത്രമാണ് നിൽക്കുന്നത്. പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം**

**2015-16**

(1) **പഞ്ചമി സ്വയംസഹായ സംഘം**

ആലംകോട് ബ്രാഞ്ച് PW2 - എന്ന സംഘത്തിനു സബ്സിഡി ഇനത്തിൽ 3,75,000/- രൂപ 01.06.2016 - ൽ വിതരണം ചെയ്തതായി കാണുന്നു. ടി തുക സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ടു നൽകുന്നതിനു പകരം ശ്രീമതി. വിജയകുമാരി, പാലവിള പുത്തൻ വീട്, അംബേദ്കർപുരം, പാങ്ങപ്പാറ. പി.ഒ എന്ന ആളിനു നൽകിയതായി രജിസ്റ്ററിൽ കാണുന്നു. കാരണം വിശദീകരിക്കേണ്ടതാണ്.

(2) **എവർഗ്രീൻ PW4 ആറ്റിപ്ര**

ഈ സംഘത്തിനു സബ്സിഡി ഇനത്തിൽ അനുവദിച്ച 3,75,000/- രൂപ വിതരണം നടത്താതെ വെള്ളയമ്പലം സബ്ട്രഷറിയിലെ 01.06.2016 ലെ 1288-ാം നമ്പർ ചലാൻ പ്രകാരം തിരിച്ചടച്ചതായി കാണുന്നു. തുക തിരിച്ചടയ്ക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

**(3) പഞ്ചമി സ്വയംസഹായ സംഘം പാങ്ങപ്പാറ PW01**

സംഘത്തിനു സബ്സിഡി ഇനത്തിൽ അനുവദിച്ച 3,75,000/- രൂപ സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ടു നൽകാതെ ശ്രീമതി. ലില്ലി. എൽ, ചരുവിള പുത്തൻ വീട്, പിണറക്കോട്ടുകോണം, കാര്യവട്ടം - എന്ന ആളിനു 21.04.2016 - ൽ നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

**(4) ഈശ്വരി സ്വയം സഹായ സംഘം PW2 - കോവളം പാലസ്**

സബ്സിഡി ഇനത്തിൽ അനുവദിച്ച തുക പ്രഭ. ജെ, ആലുനിൽക്കുന്ന വിള വീട്, കോവളം എന്ന ആളിനു നൽകിയിരിക്കുന്നു. സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

**2016-17**

2016-17 വർഷം ചുവടെ ചേർക്കുന്ന സ്വയം സഹായ സംഘങ്ങൾക്കു ധനസഹായം അനുവദിച്ചിട്ടുണ്ട്

(1) സംഘമിത്ര സ്വയംസഹായ സംഘം - 7,50,000/-

(2) ഏ.ആർ. ഗാർമെന്റ്, പൂപ്പുര - 7,50,000/-

(3) തണൽ പുരുഷ സഹായ സംഘം - 75,000/-

ടി തുകകളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2015-16, 2016-17 വർഷങ്ങളിൽ ധനസഹായം അനുവദിച്ച സംഘങ്ങളുടെ തുടർ പ്രവർത്തന വിവരങ്ങൾ ലഭ്യമല്ല. വിവരങ്ങൾ ശേഖരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതും പ്രവർത്തന വ്യവസ്ഥകളിൽ വീഴ്ച വരുത്തിയിട്ടുള്ള സംഘങ്ങൾക്കു അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം. IV

## വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ

**1. പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

ടി പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷം 55 പട്ടികജാതി വിദ്യാർത്ഥികൾക്കായി ആകെ 4,07,846/- രൂപയും 66 മറ്റർഹ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി 4,93,297/- രൂപയും ചെലവഴിച്ചതായി കാണുന്നു.

2016-17 വർഷം 77 പട്ടികജാതി വിദ്യാർത്ഥികൾക്കായി 6,10,975/- രൂപയും 118 മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്കായി 9,73,621/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം 30.11.2017 വരെ 29 പട്ടികജാതി വിദ്യാർത്ഥികൾക്ക് 2,78,898/- രൂപയും 37 മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്കായി 3,76,137/- രൂപയും വിതരണം ചെയ്തതായി കാണുന്നു.

2015-16 വർഷം മുതൽ ടി പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ള തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് എത്രയും വേഗം അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. **ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പ്**

ടി പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷം 17 വിദ്യാർത്ഥികൾക്കായി 76,500/- രൂപയും 2016-17 വർഷം 23 വിദ്യാർത്ഥികൾക്കായി 1,03,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം (30.11.2017 വരെ) 45 വിദ്യാർത്ഥികളുടെ പുതിയ അപേക്ഷകളും പുതുക്കൽ (Renewal) അപേക്ഷകളായി 19 എണ്ണവും ലഭ്യമായതായി കാണുന്നു. ടി അപേക്ഷകൾ അംഗീകരിച്ച് ഉത്തരവാകുന്നതിലേയ്ക്കായി ജില്ലാ പട്ടികജാതി വികസന ആഫീസിലേയ്ക്ക് അയച്ചതായി കാണുന്നു. ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് എത്രയും വേഗം അനുമതി ലഭ്യമാക്കി തുക വിതരണം നടത്തേണ്ടതാണ്.

2015-16 വർഷം മുതൽ ചെലവഴിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. **ലംപ്സംഗ്രാന്റ് വിതരണ പദ്ധതി**

2016-17 സാമ്പത്തിക വർഷം 235 വിദ്യാലയങ്ങളിലെ 10,466 വിദ്യാർത്ഥികൾക്കായി ആകെ 67,02,080/- രൂപയും 2017-18 വർഷം 234 വിദ്യാലയങ്ങളിലെ 10,695 വിദ്യാർത്ഥികൾക്കായി ആകെ 66,24,390/- രൂപയും ചെലവഴിച്ചിട്ടുണ്ട്. അക്വിറ്റൻസുകൾ സ്കൂളുകളിൽ നിന്ന് ലഭ്യമാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4. **പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി**

ടി പദ്ധതി പ്രകാരം 2015-16 വർഷം 349 വിദ്യാർത്ഥികൾക്കായി 11,75,000/- രൂപയും 2016-17 വർഷം 345 വിദ്യാർത്ഥികൾക്കായി 10,76,500/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2017-18 വർഷം (30.11.2017 വരെ) 205 വിദ്യാർത്ഥികൾക്കായി 7,04,000/- രൂപ വിതരണം നടത്തിയിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. **പ്രൈമറി എയ്ഡ്**

2015-16 സാമ്പത്തിക വർഷം 1722 വിദ്യാർത്ഥികൾക്കായി 34,44,000/- രൂപയും 2016-17 വർഷം 1988 വിദ്യാർത്ഥികൾക്കായി 39,76,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷം (30.11.2017 വരെ) 1924 വിദ്യാർത്ഥികൾക്കായി 38,48,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പൊതു അഭിപ്രായം**

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. പദ്ധതികളുടെ രജിസ്റ്ററുകൾ പരിപാലിക്കുന്നെങ്കിലും പൂർണ്ണമായ വിവരങ്ങളും, സാക്ഷ്യപ്പെടുത്തലുകളും നടത്തി വരുന്നില്ല എന്ന ന്യൂനത പരിഹരിക്കേണ്ടതുണ്ട്.

(ഒപ്പ്)
സീനിയർ ഫിനാൻസ് ആഫീസർ

പി.എൽ. 23.2.18